# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *301      19/07/2011 ൽ മറുപടിക്ക്

### കേസന്വേഷണങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം പാലിശ്ശേരി:<br>ശ്രീ.സാജു പോൾ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ പി.റ്റി.എ.റഹീം | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പൊലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തിയിട്ടുണ്ടോ , എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് സിറ്റി പോലീസ് ജില്ലകളിലെ ക്രമസമാധാന പോലീസ് വിഭാഗത്തെയും, അന്വേഷണ വിഭാഗത്തെയും വേർതിരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) അന്വേഷണ വിഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നവരെ സ്ഥലം മാറ്റാതെ, അന്വേഷണം പൂർത്തിയാകുന്നതുവരെ തുടരാൻ അനുവദിക്കാതിരിക്കുന്നത് എന്തു കൊണ്ടാണ് എന്ന് വിശദമാക്കാമോ ? | (ബി) അന്വേഷണ വിഭാഗങ്ങളിൽ പ്രവർത്തിച്ച് വരുന്ന പോലീസ് ഉദ്യോഗസ്ഥരെ സാധാരണയായി അന്വേഷണം പൂർത്തിയാകുന്നതിന് മുമ്പ് സ്ഥലം മാറ്റാറില്ല. എന്നാൽ പോലീസ് സേനയുടെ ഭരണപരമായ സൗകര്യത്തിനും സുഗമവും, കാര്യക്ഷമവുമായ നടത്തിപ്പിനുംവേണ്ടി സ്ഥലംമാറ്റം നടത്തപ്പെടുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥരും ഉൾപ്പെടാറുണ്ട്. ഇത്തരം അന്വേഷണ ഉദ്യോഗസ്ഥരെ കേസിന്റെ സ്വഭാവം കണക്കിലെടുത്ത് അന്വേഷണ സംഘത്തിൽ തുടരാൻ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **302.** **19.07.2011**-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | ശ്രീ.കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br>വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ബോർഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ബോർഡ് ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. 31.3.2011-ലെ കണക്കുപ്രകാരം 510.04 കോടി രൂപ നഷ്ടത്തിലാണ് ബോർഡ് പ്രവർത്തിക്കുന്നത്. |
| (സി) അല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് ഭവനനിർമ്മാണ ബോർഡ്. പ്രവർത്തനമൂലധനമായി ഹഡ്കോ/ ബാങ്കുകൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ആശ്രയിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്. കാലാകാലങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പലിശ വർദ്ധനവ് ബോർഡിന്റെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നുണ്ട്. കൂടാതെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സംസ്ഥാന സർക്കാരും ഭവന നിർമ്മാണ ബോർഡും ഊന്നൽ നൽകി നടപ്പിലാക്കുന്ന സമൂഹത്തിലെ ദുർബ്ബല വരുമാനക്കാർക്കുള്ള പദ്ധതികൾ മൂലമുള്ള സാമ്പത്തിക ബാദ്ധ്യതയും ബോർഡിന്റെ ധനസ്ഥിതി ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) ബോർഡ് നടപ്പാക്കിയ ഹൗസിംഗ് ലോൺ പദ്ധതി ഗുണഭോക്താക്കൾക്ക് വൻ ബാധ്യതയ്ക്കിടയാക്കിയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല.<br><br>ഹഡ്കോ/ബാങ്കുകൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളെ ആശ്രയിച്ചാണ് ഭവനനിർമ്മാണ ബോർഡ് പ്രവർത്തിക്കുന്നത് എന്നതിനാൽ ധനകാര്യസ്ഥാപനങ്ങൾ നിർണ്ണയിക്കുന്ന പലിശ നിരക്കുകളെ അടിസ്ഥാനമാക്കിയാണ് ബോർഡ് ഗുണഭോക്താക്കൾക്ക് മാസതവണ നിർണ്ണയിച്ച് നൽകുന്നത്. തിരിച്ചടവ് കൃത്യമായി നൽകാത്തതിനാൽ ഗുണഭോക്താക്കൾക്ക് വായ്പകരാറിൽ പറയുംപ്രകാരമുള്ള ബാദ്ധ്യത ഏറുമെന്നല്ലാതെ ബോർഡ് അധിക ബാധ്യത ഒന്നും ഗുണഭോക്താക്കളിൽ ചുമത്താറില്ല. |
| (ഇ) ബോർഡ് പണിതു നൽകിയ വീടുകൾ ഏറ്റെടുക്കാനാളില്ലാതെ കിടപ്പുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) പ്രവർത്തനത്തിലെ പാകപ്പിഴകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടികൾ സ്വീകരിച്ചുവരുന്നു. |

E. Rahman

സെക്ഷൻ ആഫീസർ

## അനുബന്ധം

1971-ൽ രൂപീകൃതമായ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഇന്നേവരെ വായ്പാ പദ്ധതികൾ വഴി 6,78,951 വീടുകളും വിവിധ ഭവന നിർമ്മാണ പദ്ധതികൾ വഴി 27,681 വീടുകളും ഉൾപ്പെടെ ആകെ 7,06,632 വീടുകൾ സംസ്ഥാനത്ത് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 2006-11 കാലയളവിൽ ബോർഡ് ആകെ 2932 വീടുകൾ മാത്രമേ നിർമ്മിച്ചുനൽകിയിട്ടുള്ളൂ. 2006-11 കാലഘട്ടത്തിൽ ബോർഡ് എം.എൻ., സുരക്ഷ, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം, പ്രവാസി, സർക്കാർ ജീവനക്കാർക്കുള്ള വാടക പദ്ധതി മുതലായ പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നെങ്കിലും ഇവയിൽ എം.എൻ., സുരക്ഷ, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ മാത്രമേ നടപ്പിലായുള്ളൂ. ഇതിൽതന്നെ സുരക്ഷ, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം എന്നിവ മാത്രമേ ബോർഡ് നേരിട്ട് നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതികളിലൂടെയാണ് 2006-11 കാലഘട്ടത്തിൽ ആകെ 2932 വീടുകൾ നിർമ്മിച്ചുനൽകിയത്.

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായുള്ള ധനം സമാഹരിച്ചിരുന്നത് പ്രധാനമായും ഹഡ്കോയിൽ നിന്നായിരുന്നു. എന്നാൽ പ്രധാനമായും മൈത്രി ഭവന പദ്ധതി പ്രകാരം എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ച സാഹചര്യത്തിൽ ബോർഡിന് നൽകിയിരുന്ന വിവിധ വായ്പകൾ അവർ 2001 മുതൽ നിർത്തിവെച്ചു. ഇതു മൂലം സർക്കാർ പദ്ധതികൾ, വിവിധ വകുപ്പുകളുടെ കോൺട്രാക്ട് പദ്ധതികൾ/കൺസൾട്ടൻസി എന്നിവ മാത്രമേ ബോർഡിന് നടപ്പിലാക്കാൻ കഴിഞ്ഞുള്ളൂ. ഇതു സംബന്ധിച്ച് 2001-ൽ അസംബ്ലിയിൽ റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്. ബോർഡ് റിവൈവ് ചെയ്യാൻ വേണ്ടി ഹഡ്കോയുടെ ലോൺ ലഭ്യമാക്കേണ്ടത് ആവശ്യമായി വന്നു. ഇതിനായി ഹഡ്കോയുമായി 2002 -ൽ ഡിഫോൾട്ട് റെസല്യൂഷൻ പാക്കേജ് ഉണ്ടാക്കുകയും, അതിലെ വ്യവസ്ഥകളനുസരിച്ച് സർക്കാർ അനുവദിച്ച തുകകൾ ഉൾപ്പെടെ 847.89 കോടി രൂപ 2001-06 കാലഘട്ടത്തിൽ ഹഡ്കോയ്ക്ക് തിരിച്ചടച്ചു. എന്നാൽ 2007-08 ലും, 2008-09 ലും മൈത്രി സബ്സിഡി ഇനത്തിൽ തുകയൊന്നും സർക്കാർ നൽകിയിരുന്നില്ല. അതിഫലമായി ഹഡ്കോ തിരിച്ചടവിന് പ്രതിമാസം 20 കോടി രൂപ വേണ്ടിയിരുന്ന സ്ഥാനത്ത് ബോർഡിന്റെ ചെലവുകൾ കഴിച്ച് ശരാശരി 2 കോടി രൂപ വീതം മാത്രമേ തിരിച്ചടക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ഇതേത്തുടർന്ന് 20.3.2009 -ലെ ജി.ഒ. (എം.എസ്) നം. 12/2009/ഭവനം സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് ആവിഷ്ക്കരിക്കുകയും, അതിനുശേഷം ഈ പാക്കേജ് പ്രകാരം ആകെ 439.77 കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്തു. ഇതു ഉൾപ്പെടെ 2006-11 കാലഘട്ടത്തിൽ ആകെ 582.55 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. 20.3.2009 -ലെ ഡിഫോൾട്ട് റെസല്യൂഷൻ പാക്കേജ് പ്രകാരം 30.12.2011-ലും 31.3.2012-ലുമായി 2 ഗഡുക്കളായി മുതലിനത്തിൽ ഹഡ്കോയ്ക്ക് 730.67 കോടി രൂപയും പലിശയും അടച്ചുതീർക്കേണ്ട ബാധ്യതയും സർക്കാരിനുണ്ട്.

E. Rahman

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 303.** **19.07.2011 ൽ മറുപടിയ്ക്ക്**

## <u>കരിമ്പട്ടികയിൽപ്പെടുത്തിയ എൻ.ജി.ഒ. കൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>മുഖ്യമന്ത്രി |
| എ) സംസ്ഥാനത്തെ എത്ര എൻ.ജി.ഒ. കളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | എ) സംസ്ഥാനത്ത് എൻ.ജി.ഒ.കളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| ബി) കരിമ്പട്ടികയിൽപ്പെടുത്തിയ എൻ.ജി.ഒ.കളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ബാധകമല്ല. |
| സി) സംസ്ഥാനത്ത് എൻ.ജി.ഒ. കളിലൂടെ നടത്തപ്പെടുന്ന സാമ്പത്തിക ഇടപാടുകളുടെ കണക്കുകൾ ലഭിച്ചിട്ടുണ്ടോ; | സി) ഇടുക്കി ജില്ലയിലെയും,തിരുവനന്തപുരം റൂറൽ ജില്ലയിലെയും കണക്കുകൾ ലഭ്യമായിട്ടുണ്ട്. |
| ഡി) എങ്കിൽ പ്രതിവർഷം എത്ര തുകയുടെ സാമ്പത്തിക ഇടപാടുകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) തിരുവനന്തപുരം റൂറൽ ജില്ലയിൽ ഉദ്ദേശം 8 കോടി 79 ലക്ഷം രൂപയുടെയും ഇടുക്കി ജില്ലയിൽ 6 കോടി 59 ലക്ഷം രൂപയുടെയും സാമ്പത്തിക ഇടപാടുകൾ നടക്കുന്നതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 304 — 19.07.2011-ൽ മറുപടിയ്ക്ക്

**പോലീസ് സ്റ്റേഷനുകളിൽ നിയമവ്യവസ്ഥകൾ സംരക്ഷിക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| എ | പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച് നിയമവ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ; | എ | ഉണ്ട്. |
| ബി | ഇവിടെ നിയമവ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇല്ല. |
| സി | സ്റ്റേഷനുകളിൽ നൽകുന്ന പരാതികൾക്ക് ഇപ്പോൾ കൈപ്പറ്റ് രസീത് നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്? | സി | കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 305** 19-07-11 ൽ മറുപടിക്ക്

വാളയാർ ചെക്ക് പോസ്റ്റിന്റെ ആധുനികവൽക്കരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ :<br>ശ്രീ.സി.കെ.നാണു:<br>ശ്രീ.മാത്യു റ്റി. തോമസ് :<br>**ശ്രീമതി.ജമീലാ പ്രകാശം:** | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വാളയാർ ചെക്ക് പോസ്റ്റിന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) വാളയാറിൽ ആധുനിക രീതിയിലുള്ള ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി പുതുശേരി ഈസ്റ്റ് വില്ലേജിൽ 12.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം വാളയാർ ഔട്ട് ചെക്ക് പോസ്റ്റിന്റെ നവീകരണത്തിനുവേണ്ടി 19.33 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. വാളയാറിൽ തുടങ്ങി സംസ്ഥാനത്തെ പ്രധാനപ്പെട്ട അതിർത്തി ചെക്ക് പോസ്റ്റുകളെല്ലാം ആധുനിക സംയോജിത ചെക്ക് പോസ്റ്റ് ആക്കി മാറ്റുന്നതിന് ഇൻകലുമായി ചേർന്ന് ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുക എന്ന മുൻ സർക്കാരിന്റെ ലക്ഷ്യവുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കു നീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കാൻ കഴിയുന്ന തരത്തിൽ കാര്യക്ഷമമായുള്ള ഒരു സംയോജിത ചെക്ക് പോസ്റ്റ് ഡാറ്റാ മാനേജ് മെന്റ് സിസ്റ്റം രൂപീകരിക്കുക വഴി വിവര വിശകലനങ്ങൾ നടത്തുവാൻ ഉതകുന്ന സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 306 – 19/07/2011 ൽ മറുപടിക്ക്

## വായ്പാ-നിക്ഷേപ അനുപാതം

ചോദ്യം | ഉത്തരം

ശ്രീ. സി. ദിവാകരൻ

,, ജി.എസ്. ജയലാൽ

ശ്രീമതി. ഇ എസ്. ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഇപ്പോഴുള്ള വായ്പാ നിക്ഷേപ അനുപാതം എത്രയാണ്; | 31/03/2011 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതം 75.5 ശതമാനമാണ്. |
| ബി) സംസ്ഥാനത്ത് ഇസ്ലാമിക് ബാങ്കിംഗ് സമ്പ്രദായത്തിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സമ്പ്രദായത്തിന്റെ പ്രവർത്തന രീതി എങ്ങിനെയാണ്; പ്രസ്തുത സമ്പ്രദായത്തിലൂടെ എത്ര നിക്ഷേപം പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | ബാങ്കിംഗ് ഒരു കേന്ദ്ര വിഷയമായതിനാൽ ഇസ്ലാമിക് ബാങ്കിംഗ് സമ്പ്രദായത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും കേന്ദ്ര സർക്കാരുമാണ്. |

അക്കൗണ്ട്സ് ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 307 | 19. 7.11 ൽ മറുപടിയ്ക്ക്

## തുറമുഖ വികസനവും ചരക്ക് ഗതാഗതവും

**ചോദ്യം**

ശ്രീ. എം.എ.വാഹീദ്

ശ്രീ. വി.പി.സജീന്ദ്രൻ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. പി.സി.വിഷ്ണുനാഥ്

**മറുപടി**

ശ്രീ. കെ.ബാബു

(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കേരളത്തിലെ ചരക്ക് ഗതാഗതം ചെലവ് കുറച്ച് സുഗമമാക്കുന്നതിന് തുറമുഖങ്ങളുടെ വികസനം അനിവാര്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഉണ്ട്. |
| ബി | ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | ബി) യും സി) യും | കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിക്കു വേണ്ടി വിശദമായ രൂപരേഖ തയ്യാറാക്കുവാനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ കേരളത്തിൽ കോസ്റ്റൽ ഷിപ്പിംഗിന്റെ സാദ്ധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് 23-7-2011 ൽ ഒരു ഏകദിന ശില്പശാല എറണാകുളത്ത് വച്ച് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനും പദ്ധതിയുണ്ട്. |
| സി | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | | |
| ഡി | തുറമുഖ വികസന നിർമ്മാണ പദ്ധതികൾ സർക്കാർ മേഖലയിൽ നിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | ഡി | തുറമുഖങ്ങൾ വികസിപ്പിക്കുവാൻ കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടതായിട്ടുണ്ട്. ഇത് സർക്കാരിന് വൻ ബാദ്ധ്യത വരുത്തിവയ്ക്കുമെന്നതിനാൽ വികസന സാദ്ധ്യതയുള്ള തുറമുഖങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP) BOT മാതൃകയിലാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 308

19/07/2011 - ൽ
വാങ്മൂലം മറുപടിക്ക്

**<u>പോലീസിന്റെ മനുഷ്യാവകാശ ധ്വംസനങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. എ. എം. ആരിഫ്:<br>ശ്രീ. ഇ. പി. ജയരാജൻ: | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) മനുഷ്യാവകാശം ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) നിയമവിരുദ്ധമായ അറസ്റ്റ് അന്യായമായ തടങ്കൽ, മൂന്നാംമുറ പ്രയോഗങ്ങൾ എന്നീ ജനവിരുദ്ധ പോലീസ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (സി) ഇത്തരം പ്രവർത്തികൾ ചെയ്യുന്ന പോലീസുകാർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) കുറ്റക്കാർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ച് നടപടികൾ തുടരുന്നതിനോടൊപ്പം വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 309 19.07.2011-ൽ മറുപടിക്ക്

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം.പി.അബ്ദുസ്സമദ് സമദാനി<br>,, സി. മോയിൻകുട്ടി<br>,, എൻ.എ. നെല്ലിക്കുന്ന്. | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി. |
| (എ) സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് വിശദമാക്കുമോ ; | (എ) & (ബി) | ഇല്ല. |
| (സി) ട്രൈബ്യൂണലിന്റെ നിഷ്പക്ഷത നിലനിർത്താൻ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | 1985-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുള്ളത്. നിർദ്ദിഷ്ട മൂന്ന് ബെഞ്ചുകളിലേയ്ക്കായി മുൻ സർക്കാർ അംഗീകരിച്ച രണ്ട് ജുഡീഷ്യൽ മെമ്പർമാരുടെ നാമനിർദ്ദേശം പുന:പരിശോധിക്കാൻ 15.06.2011-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ഇതിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | 11.07.2011-ൽ ട്രൈബ്യൂണൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഇതിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 310 — 19.7.2011 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ കാര്യക്ഷമത

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ ;
ശ്രീ. ജെയിംസ് മാത്യു ;
ശ്രീ. കെ.കെ.ജയചന്ദ്രൻ ;
ശ്രീ. കെ.കെ.നാരായണൻ ;

**ഉത്തരം**

ശ്രീ. റ്റി.എം. ജേക്കബ്
(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) 2001-2006 കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റു വരവിന്റെയും സഞ്ചിതനഷ്ടത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

എ) 2001-2006 കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റു വരവിന്റെയും സഞ്ചിതനഷ്ടത്തിന്റെയും വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വിറ്റുവരവ് ( രൂപ ലക്ഷത്തിൽ) | സഞ്ചിത നഷ്ടം ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 2001-02 | 44232 | 51.35 |
| 2002-03 | 43255 | 46.75 |
| 2003-04 | 49885 | 74.28 |
| 2004-05 | 60458 | 74.04 |
| 2005-06 | 72002 | 36.06 |

ബി) 2006-11 വർഷങ്ങളിൽ രാജ്യത്താകെ നേരിട്ട രൂക്ഷമായ വിലക്കയറ്റം കേരളത്തിൽ തടഞ്ഞുനിർത്തുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും വിറ്റുവരവ് വർദ്ധിപ്പിക്കുവാനും ലാഭത്തിലെത്തിക്കാനും കഴിഞ്ഞിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഉണ്ട്.

സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

സി) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുക വഴി സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാരിൽ നിന്ന് സപ്ലൈകോ യ്ക്ക് ലഭിക്കേണ്ട തുക തടഞ്ഞു വച്ചിട്ടുണ്ടോ ; | ഡി) | ഇല്ല. |
| ഇ) | എങ്കിൽ അതുകാരണം സപ്ലൈകോ നേരിടുന്ന പ്രതിസന്ധികൾ പരിശോ ധിക്കുവാനും അവ പരിഹരിക്കുവാ നും നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ ; | ഇ) | ബാധകമല്ല. |
| എഫ്) | മുൻകാലത്തെപോലെ ജനങ്ങൾക്കാ ശ്വാസമാകുംവിധം പൊതുവിതരണ രംഗത്ത് സപ്ലൈകോയുടെ കാര്യ ക്ഷമത നിലനിർത്തുവാൻ നടപടി കൾ സ്വീകരിക്കുമോ ? | എഫ്) | വിപണി ഇടപെടൽ കാര്യക്ഷമമായ രീതി യിലാണ് സപ്ളൈകോ നടത്തി വരുന്നത്. ഇത് കാലോചിതമായി പരിഷ്ക്കരിച്ച് കാര്യ ക്ഷമമാക്കാനുള്ള നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -എ

1. ശാസ്ത്രീയമായ ഇന്‍വെന്ററി മാനേജ്മെന്റ് സംവിധാനം ഏര്‍പ്പെടുത്തിയതു വഴി എല്ലാ വില്‍പ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കി.

2. കോര്‍പ്പറേഷന്‍ ആവിഷ്കരിച്ച പുതിയ ഇന്‍വെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വില്‍പ്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പുവരുത്തുന്നു. പര്‍ച്ചേസിന്റെ കാര്യക്ഷമത ഇന്‍വെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പര്‍ച്ചേസിന്റെ കാര്യക്ഷമതക്കുവേണ്ടി ഇ-പര്‍ച്ചേസ്, ഇ-പേയ്മെന്റ്, ട്രാന്‍സ്പോര്‍ട്ടേഷന്‍ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കല്‍ തുടങ്ങിയ സംവിധാനങ്ങള്‍ തുടര്‍ന്നു വരുന്നു. ഇതിനു പുറമെ പര്‍ച്ചേസ് സംവിധാനം കൂടുതല്‍ സുതാര്യമാക്കുന്നതിനായി **NCDEX,** (National Commodity Derivative Exchange) **MCX** (Multi Commodity Exchange) സംഭരണകേന്ദ്രങ്ങള്‍ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

3. കര്‍ശനമായ ധനകാര്യ മാനേജ്മെന്റ് ഏര്‍പ്പെടുത്തി. വിജിലന്‍സ് വിഭാഗം ശക്തിപ്പെടുത്തുക വഴി ഓഡിറ്റ് സംവിധാനം കൃത്യമായ രീതിയില്‍ ശക്തിപ്പെടുത്തി. വില്‍പ്പനയും കണക്കും ഒത്തു നോക്കല്‍ ശാസ്ത്രീയ ഇന്‍വെന്ററി സംവിധാനം, പര്‍ച്ചേസ് മാനേജ്മെന്റ് സംവിധാനം, നൂതന ശാസ്ത്രീയ വില നിര്‍ണ്ണയം, ഡിപ്പോകള്‍ ലാഭകേന്ദ്രങ്ങളാക്കിയത്, ഓരോ ഡിപ്പോക്കും പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കല്‍, കൃത്യമായ ധനവിനിമയം എന്നിവകൊണ്ട് അഴിമതിരഹിതമായ ഒരു പ്രവര്‍ത്തന അന്തരീക്ഷം ഉറപ്പാക്കാന്‍ സാധിച്ചു.

4. സാധാരണക്കാര്‍ക്ക് അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗസാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാന്‍ വില നിര്‍ണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 50% വരെ വില കുറവില്‍ അവശ്യസാധനങ്ങളും, MRPയെക്കാള്‍ ശരാശരി 10 % വരെ കുറഞ്ഞ നിരക്കില്‍ മറ്റ് നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യുന്നു.

5. ഉപഭോക്താക്കള്‍ക്ക് എത്തിച്ചേരാന്‍ സൗകര്യമായ സ്ഥലത്ത് വില്‍പ്പനശാലകള്‍ തുടങ്ങുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു.

6. കൂടുതല്‍ ഉപഭോക്താക്കള്‍ക്ക് സൗകര്യപ്പെടുന്നതും കൂടുതല്‍ വില്‍പ്പന സാധ്യതയുള്ളതുമായ മാവേലി സ്റ്റോറുകളെ സൂപ്പര്‍ മാര്‍ക്കറ്റുകളായി ഉയര്‍ത്താന്‍ ആവശ്യമായ നടപടി സ്വീകരിച്ചു.

7. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കില്‍ തിരിച്ചെടുക്കുവാനും അല്ലെങ്കില്‍ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിന് നല്‍കുന്നതിനുമുള്ള സംവിധാനം ഏര്‍പ്പെടുത്തി.

8. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വില്‍പ്പനയുടെ കണക്കുകള്‍ തുടങ്ങിയവ മനസ്സിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥര്‍ക്ക് നല്‍കുവാനുമുള്ള നടപടികള്‍ സ്വീകരിച്ചു .

9. ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കള്‍ മാത്രം വില്‍പ്പന നടത്തണമെന്ന് നിഷ്കര്‍ഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലന്‍സ് സ്ക്വാഡുകളുടെയും പ്രവര്‍ത്തനം ശക്തിപ്പെടുത്തി.

10. എല്ലാ വില്‍പ്പനശാലകളിലും കമ്പ്യൂട്ടര്‍ ബില്ലിംഗ് സമ്പ്രദായം ഏര്‍പ്പെടുത്തി. ഇതു വഴി ഉപഭോക്താക്കള്‍ക്ക് വേഗത്തില്‍ ബില്‍ നല്‍കി സാധനങ്ങള്‍ വിതരണം ചെയ്യാന്‍ കഴിയുന്നു.

11. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ വിൽപ്പന ശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, ആധുനിക റാക്കുകൾ എന്നിവ ഏർപ്പെടുത്തി ആകർഷകമാക്കി.

12. സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

13. ആദിവാസി/ തീരദേശമേഖലകൾക്ക് പ്രാമുഖ്യം നൽകി 14 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിച്ചു.

14. എല്ലാ വിൽപ്പനശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുന്നതിനും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് അവയെ ആകർഷകമാക്കാനുമുള്ള നടപടികളെടുത്തിട്ടുണ്ട്.

15. എല്ലാ വിൽപ്പനശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തി.

16. വിൽപ്പനശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ/ ഹെഡാഫീസും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ *വിൽപ്പനശാലകളുടെയും* ഡിപ്പോകളുടെയും പ്രവർത്തനം തത്സമയം അവലോകനം ചെയ്യാൻ കഴിയുന്നു.

17. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/ പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

18. ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മെട്രോ/ ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും പ്രത്യേക ചന്തകളും പ്രവർത്തിപ്പിച്ചു. ഇതിന് പുറമെ സപ്ലൈകോ വിൽപ്പനശാലകളും പ്രത്യേക ഉത്സവ മാർക്കറ്റുകളായി പ്രവർത്തിപ്പിച്ചിരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 2005-06 ൽ 701 കോടി രൂപയായിരുന്നത് 2010-11 ൽ 2320 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 2007-08 മുതൽ സപ്ലൈകോയ്ക്ക് പ്രവർത്തന ലാഭം കൈവരിക്കാനായിട്ടുണ്ട്. 2007-08 ൽ 18.25 കോടി രൂപയും 2008-09 ൽ 23.36 കോടി രൂപയും പ്രവർത്തനലാഭം ഉണ്ടാക്കിയപ്പോൾ 2010-11 ൽ ഇത് 27 കോടിയാണ്. (താൽകാലിക കണക്കുകൾ പ്രകാരം) ഇതോടൊപ്പം തന്നെ ഉപഭോക്താക്കൾക്ക് എത്തിച്ച ആനുകൂല്യത്തിലും കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. മുൻപ് 25 കോടി രൂപയ്ക്ക് തുല്യമായ ആനുകൂല്യം നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം 400 കോടി രൂപയ്ക്ക് തുല്യമായ ആനുകൂല്യങ്ങളാണ് ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 311 — 19-07-2011 -ൽ മറുപടിക്ക്.

ലഹരി വിരുദ്ധ ക്ലബ്ബുകൾ

ചോദ്യം

ശ്രീ. വി. ഡി. സതീശൻ
" കെ. ശിവദാസൻ നായർ
" ഷാഫി പറമ്പിൽ
" എ. റ്റി. ജോർജ്

ഉത്തരം

ശ്രീ. കെ. ബാബു
(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് 'ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക്' രൂപം നൽകുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ ലഹരി വിരുദ്ധ ക്ലബ്ബുകൾ വീതം ആദ്യഘട്ടത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. തുടർന്ന് സംസ്ഥാന വ്യാപകമായും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. വിദ്യാർത്ഥികളിൽ മദ്യ-മയക്കുമരുന്നു മൂലമുണ്ടാകുന്ന ദൂഷ്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തി ഇതിനെതിരെ അവബോധമുണ്ടാക്കി ലഹരി വിരുദ്ധ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് ലക്ഷ്യം.

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കായി മദ്യ വിരുദ്ധ ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഉണ്ട്. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കായി മദ്യ- ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പോസ്റ്ററുകൾ, ബാനറുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ പ്രദർശിപ്പിക്കുകയും ഇതു സംബന്ധിച്ച സംവാദങ്ങൾ, സെമിനാറുകൾ, ക്ലാസ്സുകൾ, ചിത്ര പ്രദർശനം, ഉപന്യാസ മത്സരം, ചിത്ര രചനാ മത്സരം, പ്രസംഗ മത്സരം തുടങ്ങിയവ മറ്റ് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടത്തുകയും ചെയ്തു വരുന്നു.

(സി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ട്. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയും പുതിയ വാഹനങ്ങളും, ആയുധങ്ങളും ലഭ്യമാക്കിയും, കമ്പ്യൂട്ടർ വൽക്കരണത്തിലൂടെയും, ഇ-പേമെന്റ് സമ്പ്രദായം ഏർപ്പെടുത്തിയും ആധുനികവൽക്കരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. സമൂഹത്തിൽ കാണുന്ന മദ്യാസക്തിക്കെതിരെ സാമൂഹ്യ പ്രതിബദ്ധതയിൽ ഊന്നി നിന്നുകൊണ്ട് വ്യാപകമായ ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകി വരുന്നു. |
| (ഇ) | നൂറ് ദിന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'പുതിയ മദ്യനയം' സംബന്ധിച്ചുള്ള വിശദാംശം നൽകുമോ? | (ഇ) | പുതുക്കിയ മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 312 - 19/07/2011 ൽ മറുപടിക്ക്

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

ചോദ്യം

ശ്രീ. ഉബൈദുള്ള

ഉത്തരം

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ധന മാനേജ്മെന്റിനെ സംബന്ധിച്ച് ധനകാര്യ കമ്മീഷനും, ആസൂത്രണ കമ്മീഷനും ദേശീയ വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള സമിതികളുമെല്ലാം ആവർത്തിച്ചാവശ്യപ്പെടുന്ന വസ്തുത റവന്യൂ കമ്മി കുറയ്ക്ക ണമെന്നും, ഉല്പാദനകരമല്ലാത്ത ബാദ്ധ്യതച്ചെലവുകൾക്കായി കടം വാങ്ങുന്ന പ്രവണത കഴിവതും ഒഴിവാക്കണമെന്നുമാണ്. ഇക്കാര്യം കൂടി കണക്കിലെടുത്ത് അധിക വിഭവ സമാഹരണത്തിന് നികുതിയേതര മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം നികുതി നിർണ്ണയത്തിലൂടെയും നികുതി ചോർച്ച തടയുന്നതിലൂടെയും നികുതി ഒടുക്കൽ സമ്പ്രദായത്തിന് കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കി വിഭവസമാഹരണം കാര്യക്ഷമമാക്കുന്നതാണ്.<br>സംസ്ഥാനത്തിന്റെ വിവിധതരം നികുതികളുടെ പിരിവിനെ സംബന്ധിച്ച നടപടികൾ മോണിട്ടർ ചെയ്യുന്നതിനായി ഒരു പ്രത്യേക സമിതി രൂപീകരിക്കുന്നതാണ്. ഉൽപന്ന സേവന നികുതി നടപ്പാക്കുന്നതിലേക്ക് |

| | |
|---|---|
| | മുൻകൂട്ടി എടുക്കേണ്ട തയ്യാറെടുപ്പുകൾ ഈ സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതായിരിക്കും. വാറ്റ് നിയമപ്രകാരം ഫയൽ ചെയ്യപ്പെടുന്ന റിട്ടേണുകളുടെ സ്ക്രൂട്ടിനിയും അസസ്മെന്റും ശക്തിപ്പെടുത്തുന്നതുവഴി ഗണ്യമായ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. വാറ്റ് നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെ നികുതി വലയിൽ നിന്നും ഒഴിവാകുന്നവരെക്കൂടി നികുതിദായകരിൽ ഉൾപ്പെടുത്തുവാൻ ഒരു രജിസ്ട്രേഷൻ യജ്ഞം ഈ വർഷം നടത്തുന്നതാണ്. 20 ലക്ഷത്തിന് മേൽ വിലയുള്ള കാറുകൾ, 4000 ചതുരശ്ര അടിയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ ഇവയ്ക്ക് ആഢംബര സെസ് ഈടാക്കുക, പാൻപരാഗ് പോലെയുള്ള പുകയില ഉൽപന്നങ്ങളുടെ നികുതി നിരക്ക് 20 ശതമാനമായി ഉയർത്തുക, വിദേശമദ്യത്തിന്റെ സാമൂഹ്യ സുരക്ഷാ സെസ് 6 ശതമാനമായി ഉയർത്തുക, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ 10 ശതമാനം സർചാർജ് പുനസ്ഥാപിക്കുക എന്നീ നടപടികളിലൂടെയും സർക്കാർ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഈ നടപടികളിലൂടെയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ശ്രമിക്കുന്നതാണ്. |

| | |
|---|---|
| ബി) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോഴും കാലാവധി തീരുമ്പോഴും പൊതു കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | 2005-06 മാർച്ച് 31 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 45929.05 കോടി രൂപയായിരുന്നു. 2010-2011 ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2011 മാർച്ച് 31 ലെ കടബാധ്യത 78316.98 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. |
| സി) പൊതുകടം വർദ്ധനവ് സാമ്പത്തിക വികസന കാര്യങ്ങൾക്ക് ഭീഷണിയാകുമോ; | കടം വാങ്ങി ചെലവഴിക്കുന്ന രീതി ന്യായീകരിക്കപ്പെടുന്നത് അത് പ്രത്യുല്പാദന പരമായി ഉപയോഗിക്കപ്പെടുമ്പോൾ മാത്രമാണ്. എന്നാൽ വാങ്ങുന്ന കടത്തിന്റെ ഭൂരിഭാഗവും മുൻ കടങ്ങളുടെ തിരിച്ചടവിനും, പലിശയിനത്തിലും ചെലവഴിക്കേണ്ട അവസ്ഥയാണ് സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥ നിലനിൽക്കെ പൊതുകടം വർദ്ധിക്കുന്നത് സാമ്പത്തിക വികസന കാര്യങ്ങൾക്ക് ഭീഷണിയാണ്. |
| ഡി) പൊതുകടം ചുരുക്കുന്നതിനും ക്രിയാത്മകമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | നടപടികൾ സ്വീകരിക്കുന്നതാണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക ക്രമീകരണ മാർഗ്ഗരേഖ പ്രകാരം 2013-14 ആകുമ്പോഴേക്കും നമ്മുടെ സംസ്ഥാനത്തിന്റെ ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. റവന്യൂ കമ്മി 2014-15 ഓടെ പൂർണ്ണമായും ഇല്ലാതാക്കണമെന്നും ഈ മാർഗരേഖ നിഷ്കർഷിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനായി ധനകമ്മിയും, റവന്യൂ കമ്മിയും കുറച്ചുകൊണ്ടു വരുന്ന ഒരു സമീപനമാണ് പുതുക്കിയ |

| | |
|---|---|
| | ബജറ്റിലൂടെ ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്, നികുതി ചോർച്ച തടയൽ, നികുതി മേൽനോട്ടസമിതിയുടെയും വില നിരീക്ഷണ സമിതിയുടെയും രൂപീകരണം, ആഢംബര സെസ്സ്, പുകയില ഉൽപന്നങ്ങൾ, മദ്യം എന്നിവയുടെ അധിക നികുതി, എന്നിവയിലൂടെ സർക്കാർ അധിക വിഭവസമാഹരണം ലക്ഷ്യമിടുന്നു. ഇങ്ങനെ റവന്യു വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനും ശ്രമിക്കുന്നതാണ്. മാത്രമല്ല സന്തുലിതവും സുസ്ഥിരവുമായ വായ്പയെടുക്കൽ ക്രമീകരണങ്ങളിലൂടെ പൊതുകടം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 313 — 19.7.2011-ൽ മറുപടിക്ക്

## കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികളിന്മേൽ അനുകൂല തീരുമാനം ഉണ്ടാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ തയ്യാറാകുമോ ; ഇതിനായി ഡൽഹിയിലുള്ള കേരളത്തിന്റേതായ സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (എ) കേരളത്തിലെ പദ്ധതികൾക്കു വേണ്ടി, സംസ്ഥാന ഗവൺമെന്റ് നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്. കൂടാതെ ഡൽഹിയിലുള്ള കേരളത്തിന്റെ റസിഡന്റ് കമ്മീഷണർ ഈ കാര്യങ്ങളിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>കേരളത്തിന്റെ റസിഡന്റ് കമ്മീഷണറുടെ ഓഫീസാണ് ഇതിനായി ഡൽഹിയിലുള്ള കേരളത്തിന്റെ സംവിധാനം |
| (ബി) വിവിധ വകുപ്പുകൾ വഴി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; ഇവയിൽ അംഗീകാരം അന്തിമഘട്ടത്തിലെത്തിയിരിക്കുന്നവ ഏതൊക്കെയാണ് ;<br><br>(സി) അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രം ഏതെല്ലാം കേസ്സുകളിൽ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് ; | (ബി) & (സി) കൊച്ചിൻ മെട്രോ റെയിൽവേ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികൾ മുൻഗണന നൽകി നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടിയിട്ടുണ്ട്. ഇതിനു പുറമെ താഴെപ്പറയുന്ന പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.<br><br>**<u>വ്യവസായ വകുപ്പ്</u>**<br>ഏകദേശം 665 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന, പ്രതിദിനം 200 ദശലക്ഷം ലിറ്റർ ജലവിതരണം നടത്താനുള്ള കൊച്ചിൻ വ്യാവസായിക ജല വിതരണ പദ്ധതിയ്ക്കായി 367 കോടി രൂപയുടെ കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.<br><br>ഏകദേശം 50,000 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കേരളത്തിന്റെ വടക്ക് മുതൽ തെക്ക് വരെ 600 കി.മീ ദൂരത്തിൽ അതിവേഗ റെയിൽപ്പാത |

നിർമ്മിച്ച്, അതിവേഗ തീവണ്ടികൾ ഓടിക്കുന്നതിനായുള്ള പദ്ധതി യുടെ പ്രാരംഭ സാധ്യതാ പഠനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ചെയ്തു വരികയാണ്. ഇതിനു വേണ്ടി വരുന്ന പഠനങ്ങൾക്കും സാങ്കേതിക സഹകരണത്തിനും വേണ്ടി JICA -ൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

പന്തിരായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന, കൊച്ചി മുതൽ കോയമ്പത്തൂർ വരെയുള്ള പ്രദേശങ്ങളിലെ വ്യാവസായിക, വ്യാപാര, അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങൾ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് കൊച്ചി കോയമ്പത്തൂർ വ്യാവസായ ഇടനാഴി.

തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ അധീനതയിലുള്ള കേന്ദ്ര സർക്കാരിന്റെ പ്രസ്സിനോടു ചേർന്ന് 16 ഏക്കർ ഭൂമിയിൽ ഒരു പ്രിന്റ് വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കിൻഫ്രയ്ക്ക് ലഭിച്ചിട്ടില്ല.

11-ാം പഞ്ചവത്സര പദ്ധതിയിലുള്ള മെഗാ ഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് കിനാലൂരിൽ KSIDC യിൽ നിന്ന് കിൻഫ്രയ്ക്ക് ലഭിച്ച 50 ഏക്കർ ഭൂമിയിൽ ഒരു ഫുഡ് പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര ഫെബ്രുവരി 9, 2011 -ൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന് ഒരു പദ്ധതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം 10 സംസ്ഥാ നങ്ങളിൽ സ്ഥാപിക്കുന്ന 5 ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാർ വഴി 'Safe Fishing' എന്ന പദ്ധതി കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് എക്കോ സൗണ്ടർ, ജി.പി.എസ് എന്നിവ നൽകുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

500 യൂണിറ്റുകൾ വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ 2500 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും. ആകെ അടങ്കൽ തുക 370 ലക്ഷം രൂപ, കേന്ദ്ര വിഹിതം 270 ലക്ഷം രൂപ, സംസ്ഥാന വിഹിതം

10 ലക്ഷം രൂപ, ഗുണഭോക്തൃ വിഹിതം 90 ലക്ഷം രൂപ - കൊച്ചിയിൽ ഒരു ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മിനിസ്ട്രി ഓഫ് എർത്ത് സയൻസ് 130 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി) പുതുതായി നടപ്പിലാക്കുന്നതിനായി ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ് ?

(ഡി) **മത്സ്യബന്ധന തുറമുഖ വകുപ്പിന് അംഗീകാരം ലഭിച്ച പദ്ധതികൾ**

(Rs. in lakhs)

| നം. | പദ്ധതിയുടെ പേര് | അടങ്കൽ | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|
| 1 | Fresh Fish to All | 390 | 270 | 30 | 90 |
| 2 | കടലിലെ സുരക്ഷ | 920 | 683.34 | 8.8 | 227.78 |
| 3 | കട്ടമരത്തിന് മോട്ടോർ നൽകുന്ന പദ്ധതി | 123 | 30 | 33 | 60 |

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 314

19.07.2011-ൽ
മറുപടിയ്ക്ക്

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സുപ്രീം കോടതി നിയോഗിച്ച ഏഴംഗ ഉന്നതതല കമ്മിറ്റി, ശ്രീപത്മനാഭസ്വാമി ക്ഷേത്ര നിലവറകളിലെ നിധിശേഖരങ്ങൾ സംബന്ധിച്ച കണക്കെടുപ്പുകൾ നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണക്കെടുപ്പുകൾ പൂർത്തിയായിട്ടുള്ളതായി അറിയുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണക്കെടുപ്പുകൾ പൂർത്തിയായിട്ടില്ല. |
| (ബി) ക്ഷേത്രത്തിന്റെയും അമൂല്യ നിധികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ക്ഷേത്രത്തിൽ കുറ്റമറ്റ രീതിയിലുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. സംസ്ഥാന പോലീസിന്റെയും, സംസ്ഥാന പോലീസിന്റെ കമാണ്ടോ വിംഗിന്റെയും ദ്രുതകർമ്മ സേനയുടെയും നേതൃത്വത്തിലാണ് സുരക്ഷ ഒരുക്കിയിരിക്കുന്നത്. കൂടാതെ ക്ഷേത്രത്തിൽ നടപ്പിലാക്കേണ്ട ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്ഥിരം സുരക്ഷാ ക്രമീകരണങ്ങളെപ്പറ്റി പഠിച്ച് നിർദ്ദേശിക്കുന്നതിനായി ചുമതലപ്പെടുത്തിയ എ. ഡി. ജി. പി. മാർ ഉൾപ്പെട്ട ഒരു ഉന്നതതല പോലീസ് സംഘം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പുരാവസ്തു സംരക്ഷണത്തിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) & (ഡി) പുരാവസ്തു സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേകിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവറയിലെ സമ്പത്ത് ക്ഷേത്രത്തിന് അവകാശപ്പെട്ടതാണെന്ന സർക്കാർ നിലപാട് സുപ്രീം കോടതിയെ |

| | | |
|---|---|---|
| (ഡി) | നിലവറയിൽ നിന്നും കണ്ടെടുത്ത അമൂല്യനിധികൾ അന്യാധീനപ്പെടാതിരിക്കൽ, ഭദ്രമായി സൂക്ഷിക്കൽ, വിനിയോഗം ഇവ സംബന്ധിച്ച സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; ഈ നിലപാട് സുപ്രീം കോടതിയെ അറിയിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | അറിയിച്ചിട്ടുണ്ട്. സംരക്ഷിക്കാനുള്ള ചുമതല സർക്കാർ ഏറ്റെടുക്കുന്നുവെന്ന നയവും വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 315 — 19-07-2011 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) മദ്യനയം ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിരുന്നു. |
| (ബി) ആരെല്ലാമായി ഈ വിഷയം ചർച്ച നടത്തിയിട്ടുണ്ട്; | (ബി) അബ്കാരി - കള്ള് ചെത്ത് വ്യവസായ മേഖലയിലെ തൊഴിലാളി സംഘടനാ നേതാക്കളുമായും, ബാർ ഹോട്ടൽ അസോസിയേഷൻ പ്രതിനിധികൾ, ഡിസ്റ്റിലറി പ്രതിനിധികൾ, മദ്യ വിരുദ്ധ ലഹരി വിമോചന പ്രവർത്തകർ, എക്സൈസ് ഉദ്യോഗസ്ഥർ, മദ്യ നിരോധന സമിതി അംഗങ്ങൾ എന്നിവരുമായും ചർച്ച നടത്തിയിരുന്നു. |
| (സി) ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ വെളിപ്പെടുത്തുമോ? | (സി) അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 316 19.07.2011-ൽ മറുപടിക്ക്.

## തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. സാജു പോൾ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു നടന്ന നിരവധി സമരങ്ങളും മറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണ് ; | : (ബി) സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല നിലപാടാണ്. |
| (സി) തലസ്ഥാനത്ത് ബഞ്ച് സ്ഥാപിക്കുന്നതിൽ കേന്ദ്ര നിലപാട് എന്തായിരുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | : (സി) ഹൈക്കോടതി ബഞ്ച് അനുവദിക്കുവാൻ ബന്ധപ്പെട്ട ഹൈക്കോടതിയുടെ ശുപാർശ വേണമെന്നാണ് നിലവിലുള്ള വ്യവസ്ഥ ; കേന്ദ്ര സർക്കാർ ഈ നിലപാടാണ് എടുത്തിരിക്കുന്നത്. |
| (ഡി) ബഞ്ച് സ്ഥാപിക്കുന്നതിന് ഇപ്പോഴുള്ള തടസ്സം എന്താണ് എന്ന് വ്യക്തമാക്കുമോ ? | : (ഡി) ആവശ്യമായ ശുപാർശ കേന്ദ്ര ഗവൺമെന്റിന് ലഭിച്ചിട്ടില്ല എന്നാണ് സംസ്ഥാന ഗവൺമെന്റിന് ലഭിച്ച വിവരം.. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 317 — 19.07. 2011-ൽ മറുപടിക്ക്.

## പാപ്പരായി പ്രഖ്യാപിക്കപ്പെട്ടവരുടെ സാമ്പത്തിക ഇടപാടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കോടതികൾ പാപ്പരായി പ്രഖ്യാപിച്ച എത്രയാളുകൾ സംസ്ഥാനത്ത് ജീവിച്ചിരിക്കുന്നു ; | : (എ) വിവരം ലഭ്യമല്ല. |
| (ബി) കോടതികളെ തെറ്റിദ്ധരിപ്പിച്ച് ബോധപൂർവ്വം പാപ്പരായി പ്രഖ്യാപിക്കപ്പെടുകയും വമ്പിച്ച സമ്പാദ്യവും ബിസിനസ്സും നടത്തിവരികയും ചെയ്യുന്ന വ്യക്തികളെ അത്തരം പ്രവർത്തികളിൽ നിന്നും തടയുന്നതിനായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | : (ബി) ഇൻസോൾവൻസി ആക്ട് 1955-ൽ പാപ്പർ സ്യൂട്ട് ഫയൽ ചെയ്യുന്നതിനെ സംബന്ധിച്ചും പാപ്പരായി പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നുണ്ട്. കോടതി പാപ്പരായി പ്രഖ്യാപിച്ച ഒരാൾക്ക് വമ്പിച്ച സമ്പാദ്യമുണ്ട് എന്നത് ശ്രദ്ധയിൽപ്പെടുത്തിയാൽ കോടതിയ്ക്ക് മുമ്പ് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യാൻ കഴിയും. കൂടാതെ കടബാദ്ധ്യതയുള്ള ആളിന്റെ സ്വത്ത് നോക്കുന്നതിനായി ഒരു റിസീവറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയും പ്രസ്തുത ആക്ടിൽ ഉണ്ട്. |
| (സി) ഇത്തരക്കാർ വീണ്ടും പൊതുജനങ്ങളെ കബളിപ്പിച്ച് വമ്പിച്ച സ്വത്ത് സമ്പാദിക്കുന്നതായും അതുവഴി സർക്കാരിനെയും ജനങ്ങളെയും വഞ്ചിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(മറുപുറം)

| | |
|---|---|
| (ഡി) ഇത് തടയുന്നതിനായി ഇത്തരക്കാരുടെ പേരുവിവരവും ഫോട്ടോ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ഔദ്യോഗികമായി പ്രസിദ്ധീകരിക്കുമോ ? | : (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318      19.7.2011-ൽ മറുപടിയ്ക്ക്.

## പുതിയ വിജിലൻസ് കോടതികൾ

**ചോദ്യം**

ശ്രീ. ഐ .സി. ബാലകൃഷ്ണൻ:
" വർക്കല കഹാർ
" പി.എ. മാധവൻ
" എ.പി. അബ്ദുള്ളക്കുട്ടി

(എ) അഴിമതി കേസുകളുടെ പ്രോസിക്യൂഷൻ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) വിജിലൻസ് കേസ്സുകളുടെ വിചാരണയ്ക്കായി പുതിയ കോടതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) വിജിലൻസ് കേസുകളുടെ അന്വേഷണം വേഗത്തിൽ തീർപ്പാക്കി പ്രോസിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വിജിലൻസ് ഡയറക്ടർ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. പ്രോസിക്യൂഷൻ അനുമതി നല്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ കാര്യക്ഷമമാക്കും. അഴിമതി തടയുന്നതിനും, കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും വിജിലൻസ്, ലോകായുക്ത സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നുതാണ്.

(ബി) പുതിയ കോടതികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319 19.07.2011 ൽ മറുപടിക്ക്

നികുതി നടപടി ക്രമങ്ങൾ ലഘൂകരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. എസ്.ശർമ്മ :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) നികുതി നടപടിക്രമങ്ങൾ ഇനിയും ലഘൂകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുമോ ; | (എ) മൂല്യവർദ്ധിത നികുതി നിയമം ലളിതവും സുതാര്യവുമാണ്. എങ്കിൽപ്പോലും നിയമം നടപ്പിലാക്കുന്ന ഘട്ടത്തിൽ ശ്രദ്ധയിൽപ്പെടുന്ന വൈഷമ്യങ്ങൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ വ്യാപാരികളുമായി ചർച്ചകൾ നടത്തി ആവശ്യമായ ഭേദഗതികൾ ബഡ്ജറ്റ് മുഖേന വരുത്താറുണ്ട്. ഇതു പ്രകാരം നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുവാൻ വകുപ്പിന് സാധിക്കുന്നു. മാത്രവുമല്ല നികുതി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി നടപടിക്രമങ്ങൾ പുന:പരിശോധിച്ച് ലഘൂകരിക്കുന്നതിനുള്ള ജോലികളും ഒരു തുടർ പ്രക്രിയ എന്ന നിലയിൽ നടന്നു വരികയാണ്. എന്നിരുന്നാലും ഇപ്രകാരം നടപടികൾ ലഘൂകരിക്കുമ്പോഴും നികുതി വെട്ടിപ്പിനുള്ള സാധ്യതകളുണ്ടോ എന്നും വകുപ്പ് വിലയിരുത്താറുണ്ട്. |

(ബി) എല്ലാ തരത്തിലുള്ള വ്യാപാരികൾക്കും ഒരേ രീതിയിലുള്ള ബില്ല് ഉപയോഗിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ പുനർ നിർണ്ണയിച്ച ബില്ലിന്റെ ഘടന എല്ലാത്തരം വ്യാപാരികളും ഉപയോഗിക്കുന്നതായി കരുതുന്നുണ്ടോ ?

(ബി) 100 രൂപയ്ക്ക് മുകളിലുള്ള ഓരോ വിൽപനയ്ക്കും വ്യാപാരികൾ നിർബന്ധമായും ബിൽ നൽകേണ്ടതാണ്. ഓരോ തരത്തിലുള്ള വ്യാപാരികളും ഉപയോഗിക്കേണ്ട ബില്ലുകൾ എപ്രകാരമായിരിക്കണമെന്ന് സംബന്ധിച്ച് കേരള മൂല്യവർദ്ധിത നികുതി ചട്ടം 2005 ലെ 58-ാം ചട്ടത്തിലെ 10-ാം ഉപചട്ടത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. മേൽപ്പടി ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഫോറങ്ങൾ പ്രകാരമുള്ള ബില്ലുകൾ ഉപയോഗിക്കാത്ത പക്ഷം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മുതലായ ആനുകൂല്യങ്ങൾ വ്യാപാരികൾക്ക് നിഷേധിക്കപ്പെടും. ആയത് പ്രകാരം ഓരോ വിഭാഗം വ്യാപാരികളും ഉപയോഗിക്കേണ്ട ബില്ലുകൾ താഴെ സൂചിപ്പിച്ചിരിക്കുന്നു.

| നമ്പർ | വിഭാഗം | ഫാറം നമ്പർ |
|---|---|---|
| (i) | അന്തിമ ഉപഭോക്താവിന് (end customer) അല്ലാതെ ഏതൊരു വ്യക്തിക്കും ഉത്പാദകൻ / വ്യാപാരി നടത്തുന്ന വിൽപന | 8 |
| (ii) | അന്തിമ ഉപഭോക്താവിന് വ്യാപാരി നടത്തുന്ന വിൽപന | 8 ബി. |
| (iii) | വകുപ്പ് 6 (1) (എഫ് ) അനുസരിച്ച് നികുതി അടക്കുന്ന കരാർ പണിക്കാർ. | 8 സി |
| (iv) | വകുപ്പ് 8 (എ) പ്രകാരം കോമ്പൗണ്ടഡ് നികുതി അടക്കുന്ന കരാർ പണിക്കാരൻ | 8 സി.എ |
| (v) | വകുപ്പ് 6 (5) പ്രകാരം അനുമാന നികുതി അടക്കുന്ന വ്യാപാരി | 8 ഡി |
| (vi) | വകുപ്പ് 6 (2) പ്രകാരം വാ | |

| | | |
|---|---|---|
| | ങ്ങൾ നികുതി അടക്കാൻ ബാധ്യസ്ഥനായ വ്യാപാരി . | 8 ഇ |
| (vii) | വകുപ്പ് 8 (സി) പ്രകാരം എം.ആർ.പി. യിൽ നികുതി അടക്കുന്ന മെഡിസിൻ ഡീലർ | 8 എച്ച്. |
| (viii) | സ്വർണ്ണ വ്യാപാരികൾ | 8 ജെ. |

കേരള മൂല്യ വർദ്ധിത നികുതി ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഫോറങ്ങളിൽ ഒരു ഡീലർ ഏതെങ്കിലും കേന്ദ്ര നിയമം പ്രകാരം ചില പ്രത്യേക വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബിൽ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ള പക്ഷം പ്രസ്തുത വിശദാംശങ്ങൾ ഉൾക്കൊള്ളാവുന്ന തരത്തിൽ ഡീലർക്ക് തന്റെ ബിൽ / ഇൻവോയിസ് പുനഃക്രമീകരിക്കാവുന്നതാണ്. മാത്രവുമല്ല ഫാറങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കോളങ്ങൾ, വിശദാംശങ്ങൾ എന്നിവ ഒരു ഡീലർക്ക് ബാധകമല്ലാത്ത പക്ഷം അങ്ങനെയുള്ള കോളം, വിശദവിവരം എന്നിവ താൻ ഉപയോഗിക്കുന്ന ബിൽ / ഇൻവോയ്സ് / ക്യാഷ് മെമ്മോറാണ്ടം എന്നിവയിൽ നിന്ന് ഒഴിവാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 320 — 19.7.2011-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ.എം.ഉമ്മർ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.പി.കെ.ബഷീർ

ശ്രീ.കെ.ബാബു
(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പുതുതായി മദ്യ വില്പന കേന്ദ്രങ്ങളും വില്പനശാലകളും അനുവദിക്കുകയി ല്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ അനുവദിക്കാതിരിക്കുന്നത് ബാറുകാരെ സഹായിക്കാനാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) മുൻ സർക്കാരിന്റെ മദ്യനയം സംബന്ധിച്ച നിലപാട് വ്യക്തമാക്കു മോ; ആയത് തുടരാൻ ഉദ്ദേശിക്കുന്നു ണ്ടോ ; | (സി) മദ്യനയം പുതുക്കി പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരിക യാണ്. |
| (ഡി) മുൻ സർക്കാരിന്റെ കാലത്ത് എത്ര ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെ റ്റുകൾ പുതുതായി തുറന്നു എന്നും, എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകി എന്നതും സംബ ന്ധിച്ച വിശദവിവരം നല്കാമോ; | (ഡി) മുൻ സർക്കാരിന്റെ കാലത്ത് ബിവറേജസ് കോർപ്പറേഷൻ 33 ഔട്ട്ലെറ്റുകൾ പുതു തായി ആരംഭിച്ചിട്ടുണ്ട്. 152 ബാറുക ൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടു ണ്ട്. ആയത് സംബന്ധിച്ച് വിശദ വിവര ങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) മദ്യപാനാസക്തി കുറയ്ക്കുവാൻ സഹാ യകരമായ കർശന നടപടികൾ അടി യന്തിരമായി സ്വീകരിക്കുമോ ? | (ഇ) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 321 — 19.07.2011-ൽ മറുപടിയ്ക്ക്

വിദേശ മൂലധന നിക്ഷേപം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിദേശ മൂലധന നിക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) അടുത്തകാലത്ത് ഏതെങ്കിലും മേഖലയിൽ വിദേശമൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലയിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | വ്യവസായ വകുപ്പിനു കീഴിൽ കെ.എസ്.ഐ.ഡി.സി.യുടെ സഹായത്താൽ കൊച്ചിയിലെ കേരളാ കെമിക്കൽസ് ആൻറ് പ്രോട്ടീൻസ് (നിറ്റാ ജലാറ്റിൻ), കൊച്ചിയിലെ ഒ.ഇ.എൽ. കണക്ടേഴ്സ് , തിരുവനന്തപുരത്തെ ടൊറോയ്ഡ് ഇന്ത്യ, കൊച്ചിയിലെ ജിയോജിത് ബി.എൻ.പി. പാരിബാസ് എന്നീ സ്ഥാപനങ്ങൾ വിദേശ നിക്ഷേപത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കി വരുന്ന ആലപ്പുഴയിലെ കാപ്പിക്കോ കേരള റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളത്തെ രേവ പ്രോട്ടീൻസ് ലിമിറ്റഡ് എന്നീ സംരംഭങ്ങളും കൊച്ചിയിലെ ഇൻഫോപാർക്കിലെ ചില കമ്പനികളിലും വിദേശ നിക്ഷേപം ഉള്ളവയാണ്. പൊതുമരാമത്ത് വകുപ്പിനു കീഴിൽ നിരത്തുകളും പാലങ്ങളും വിഭാഗം നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കിയ സുനാമി പുനരധിവാസ പദ്ധതിയിൽ വിദേശ മൂലധനം ലഭ്യമായിട്ടുണ്ട്. |
| (സി) കാർഷിക മേഖലയിൽ ഏതെങ്കിലും പ്രത്യേക കാർഷിക ഉത്പന്നങ്ങൾ കേന്ദ്രീകരിച്ച് വിദേശ മൂലധനം നേരിട്ട് മുടക്കി ഉടമസ്ഥാവകാശം ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 322 — 19-07-2011 -ൽ മറുപടിക്ക്.

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>" കെ. അജിത്<br>" ഇ. കെ. വിജയൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയ ചാരായ നിരോധനം ഉദ്ദേശിച്ച ഫലം ചെയ്തില്ലെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചാരായ നിരോധനം പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല. ഉദ്ദേശിക്കുന്നില്ല. |
| (ബി) കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) സമഗ്ര ബോധവൽക്കരണത്തിലൂടെയുള്ള സമ്പൂർണ്ണ മദ്യ വർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) സംസ്ഥാനത്ത് മയക്കു മരുന്നുകളുടെ വ്യാപനവും വില്പനയും തടയുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുമോ? | (സി) എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 323.      19.07.2011 ൽ മറുപടിയ്ക്ക്**

### തീവ്രവാദി താവളങ്ങൾ

<u>ചോദ്യം</u>

ശ്രീ. എസ്. രാജേന്ദ്രൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. രാജു എബ്രഹാം

എ) സംസ്ഥാനത്തെ വനമേഖലയിൽ മാവോയിസ്റ്റുകൾ കേന്ദ്രീകരിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

ബി) സമീപ ദിവസങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും വനമേഖലയിൽ നിന്ന് ആർ.ഡി.എക്സ്. പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന പോലീസോ വനപാലകരോ ആണോ; അല്ലെങ്കിൽ മറ്റേതെങ്കിലും പോലീസ് വിഭാഗമാണോ; വിശദാംശം വെളിപ്പെടുത്തുമോ;

സി) വനമേഖല തീവ്രവാദികൾ താവളമാക്കാൻ ഉപയോഗിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

എ) ഇപ്പോൾ ഇങ്ങനെ ഒരു വിവരം ലഭിച്ചിട്ടില്ല.

ബി) സമീപദിവസങ്ങളിൽ സംസ്ഥാനത്തെ വന മേഖലയിൽ ആർ.ഡി. എക്സ് പിടിച്ചെടുത്തതായി ചില മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. ബന്ധപ്പെട്ട വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ വാർത്ത സത്യസന്ധമല്ലെന്ന് മനസ്സിലായിട്ടുള്ളതാണ്.

സി) വനമേഖല തീവ്രവാദികൾ താവളമാക്കുന്നത് തടയുന്നതിനുവേണ്ടി കേരളാ പോലീസും, വനംവകുപ്പും ആദിവാസികളുടെ സഹകരണത്തോടെ വനമേഖലകളിൽ സംയുക്ത പരിശോധനയും രഹസ്യ നിരീക്ഷണവും നടത്തിവരുന്നു. കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തി വനമേഖലയിൽ മാവോയിസ്റ്റ്പോലുള്ള തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് അയൽ സംസ്ഥാന പോലീസ്, വനം വകുപ്പ് എന്നിവരുമായി സഹകരിച്ച് ഉൾക്കാടുകളിൽ നിരീക്ഷണം നടത്തുകയും വന ജാഗ്രതാ സമിതി രൂപീകരിക്കുകയും വനമേഖലയിൽ നിന്നുള്ള രഹസ്യാന്വേഷണ നിരീക്ഷണം ശക്തിപ്പെടുത്തുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 324 19/07/2011-ൽ മറുപടിയ്ക്ക്

**മത്സ്യ ഉൽപ്പന്ന കയറ്റുമതി വരുമാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | |
|---|---|
| (എ) 2009-10, 2010-11 വർഷങ്ങളിൽ കേരളത്തിൽ നിന്നുള്ള മത്സ്യ ഉല്പന്ന കയറ്റുമതി വരുമാനം എത്ര വീതമെന്ന് അറിയിക്കുമോ ; | സമുദ്ര മത്സ്യ കയറ്റുമതി അതോറിറ്റിയുടെ കണക്കു പ്രകാരം കേരളത്തിലെ സമുദ്ര മത്സ്യ കയറ്റുമതി വരുമാനം താഴെ ചേർക്കുന്നു.<br>2009-2010 = 1670.02 കോടി<br>2010-2011 = 2003.67 കോടി |
| (ബി) കേരളത്തിൽ നിന്നുള്ള മത്സ്യം കയറ്റുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങൾ ഏതെല്ലാം ; | ജപ്പാൻ, അമേരിക്ക, യൂറോപ്യൻ യൂണിയൻ, ചൈന, തെക്ക് കിഴക്ക് ഏഷ്യൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ്. |
| (സി) 'ആസിയാൻ കരാർ' നിലവിൽ വന്നശേഷം കേരളത്തിലെ മത്സ്യ വിലയിൽ ഇടിവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ മത്സ്യവിലയിൽ ഉണ്ടായിട്ടുള്ള ശരാശരി വില വർദ്ധനവ് എത്ര ശതമാനമെന്ന് അറിയിക്കാമോ ; | വില ഇടിവ് ഉണ്ടായിട്ടില്ല. ശരാശരി 3.3% ത്തോളം വില വർദ്ധനവ് ഉണ്ടായതായി കാണുന്നു. |
| (ഡി) മത്സ്യകൃഷിയുടെ വർദ്ധനവിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | കുട്ടനാട് പാക്കേജ് വഴി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മത്സ്യകൃഷി നടപ്പാക്കി വരുന്നു. നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് ധനസഹായത്തോടെ തെരഞ്ഞെടുത്ത റിസർവോയറുകളിൽ മത്സ്യ കൃഷി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ആറ്റുകൊഞ്ച് / കരിമീൻ / ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. ഫിർമ അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കാൻ അക്വാപാർക്ക് സ്ഥാപിച്ചു. കൂടാതെ ആഗോള മാന്ദ്യത്തിന്റെ കെടുതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി കൂടുകളിൽ മത്സ്യകൃഷി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 325

19/07/2011 - ൽ
വാങ്മൂലം മറുപടിക്ക്

## മാലിദ്വീപ് സ്വദേശികൾ

ചോദ്യം

ശ്രീ. എം. ഹംസ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ :

(എ) സംസ്ഥാനത്ത് മാലിദ്വീപ് സ്വദേശികൾ വൻതോതിൽ ഭൂമി വാങ്ങി കൂട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകാനുള്ള സാധ്യത ചൂണ്ടികാട്ടി ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(സി) മാലിദ്വീപുകാരുടെ ഉന്നമനത്തിന് എന്ന പേരിൽ തിരുവനന്തപുരത്ത് ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) & (ബി) മാലിദ്വീപ് നിവാസികൾ സംസ്ഥാനത്ത് ഭൂമി വാങ്ങുന്നതു ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആഭ്യന്തര - പ്രതിരോധ മന്ത്രാലയങ്ങളിൽ നിന്നും ലഭിച്ച സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാലിദ്വീപുകാരുടെ കാര്യത്തിൽ അവശ്യം വേണ്ട മുൻകരുതലുകൾ സ്വീകരിക്കണമെന്നും ഫോറിനേഴ്സ് ആക്ട്, അനുബന്ധ നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മാലിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 'വില്ലാ ഫൗണ്ടേഷൻ' എന്ന ചാരിറ്റബിൾ സംഘടനയുടെ ഒരു അനുബന്ധ സംഘടന തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിക്ക് സമീപമുള്ള ഹോട്ടൽ B.G.Continent - ൽ പ്രവർത്തിച്ചുവരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 326 — 19.07.2011 ൽ മറുപടിക്ക്

**മൂല്യ വർദ്ധിത നികുതി നിയമത്തിലെ പോരായ്മകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേരളത്തിലെ മൂല്യവർദ്ധിത നികുതി നിയമത്തിൽ സാധനങ്ങൾക്ക് നികുതി ചുമത്തുന്നതിന്റെ അടിസ്ഥാനമെന്താണ് ; | (എ) കേരളത്തിൽ 1/4/2005 മുതൽ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്നു. ടി നിയമത്തിൽ കീഴിൽ പത്തുലക്ഷം രൂപയ്ക്കുമേൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതി വിധേയമായ സാധനങ്ങളുടെ മേൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്.<br><br>മൂല്യവർദ്ധിത നികുതി ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട വിൽപനക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തുന്നത്. ഉപഭോക്താവിന് അന്തിമമായി വിൽപന നടത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും മൂല്യവർദ്ധനവിന് സർക്കാരിന് നികുതി ലഭിക്കും. വ്യാപാരിക്ക് താൻ വാങ്ങുന്ന സമയത്ത് നൽകിയ നികുതി വിൽപനയിൽ പിരിക്കുന്ന നികുതിയിൽ നിന്നും തട്ടിക്കിഴിക്കാനുള്ള വ്യവസ്ഥയുണ്ട്. വാറ്റ് നിയമപ്രകാരം സാധനങ്ങളെ തരംതിരിച്ച് 1, 4, 12.5, 20 ശതമാനം എന്നീ നിരക്കിൽ നികുതി ഈടാക്കുന്നു. |

| | |
|---|---|
| (ബി) ഏതെങ്കിലും സാധനങ്ങൾക്ക് സെയിൽസ് ടേൺഓവർ അടിസ്ഥാനമാക്കാതെ നികുതി ചുമത്താറുണ്ടോ ; | (ബി) & (സി) ഇറക്കുമതിക്കാർ, കാഷ്വൽ ട്രേഡർ, നോൺ-റസിഡന്റ് വ്യാപാരിയുടെ ഏജന്റ്, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങളുടെ വ്യാപാരി, കരാറുകാരൻ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നീ വിഭാഗക്കാർ അവർ കൈകാര്യം ചെയ്യുന്ന സാധനങ്ങൾക്ക് ടേണോവർ അടിസ്ഥാനമാക്കാതെ നികുതി ചുമത്താൻ നിയമം അനുശാസിക്കുന്നു. |
| (സി) എങ്കിൽ ഏതെല്ലാം സാധനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ; | ഇതിനു പുറമേ ചില ഉൽപ്പന്നങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് വകുപ്പ് 6 പ്രകാരം സാധാരണ രീതിയിൽ നികുതിയടക്കുന്നതിന് പകരമായി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 8 പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി തെരഞ്ഞെടുക്കാവുന്ന പ്രത്യേക വിഭാഗങ്ങൾ താഴെ പറയുന്നവരാണ്.<br>കരാർ പണിക്കാരൻ<br>മെറ്റൽ ക്രഷർ വ്യാപാരികൾ<br>പാകം ചെയ്ത ഭക്ഷണം വിൽക്കുന്ന വ്യാപാരികൾ<br>കാസറ്റ്, സി.ഡി., വാടകയ്ക്ക് കൊടുക്കുന്നവർ<br>മരുന്ന് വ്യാപാരികൾ<br>സ്വർണ്ണ വ്യാപാരികൾ<br>സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കോഴിയിൻമേൽ വ്യാപാരം നടത്തുന്നവർ |
| (ഡി) സെയിൽസ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന മെഷിനറിയുടെ ഉല്പാദനക്ഷമതയനുസരിച്ച് ഫീസടച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) സെയിൽസ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന മെഷിനറിയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ട് നികുതി അടക്കുന്നത് മെറ്റൽ ക്രഷർ മേഖലയിലാണ്. വകുപ്പ് 8 (ബി) പ്രകാരം വിവിധ അളവുകളിലുള്ള ക്രഷറുകൾക്ക് നിശ്ചിത സംഖ്യ കോമ്പൗണ്ടിംഗ് നികുതിയായി ഓരോ വർഷവും അടക്കേണ്ടതുണ്ട്. ഇപ്രകാരം കോമ്പൗണ്ട് ചെയ്ത വ്യക്തി പ്രസ്തുത തുക സർക്കാർ ഖജനാവിലേക്ക് ഒടുക്കുന്ന പക്ഷം ടി |

വ്യാപാരിയുടെ കണക്കുകൾ സാധാരണയായി നോക്കുകയോ വ്യാപാര സ്ഥലം പരിശോധിക്കുകയോ ചെയ്യാറില്ല. അതുകൊണ്ടു തന്നെ കോമ്പൗണ്ടഡ് സമ്പ്രദായം സ്വീകരിച്ച വ്യാപാരിയെ സംബന്ധിച്ചിടത്തോളം അയാൾ നികുതി വെട്ടിപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

| | | |
|---|---|---|
| (ഇ) | ഇത്തരം ഉൽപന്നങ്ങ ൾക്ക് വിൽപന നികുതി നിജപ്പെടുത്തിയിട്ടും ഇത്തരം സാധനങ്ങൾക്ക് ഉൽപാദനക്ഷമതയുടെ അടിസ്ഥാനത്തിൽ ഫീസ് സ്വീകരിക്കുകയും ഉപഭോക്താക്കളിൽ നിന്നും നിഷ്കർഷിച്ച നികുതി ഈടാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുക സർക്കാർ ഖജനാവിലേക്ക് മുതൽകൂട്ടുന്നുണ്ടോ ; | (ഇ) സെയിൽസ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന മെഷിനറിയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടഡ് നികുതി അടക്കുന്നത് മെറ്റൽ ക്രഷറുകളുടെ കാര്യത്തിലാണ്. ഇത്തരം വ്യാപാരികൾക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കാൻ അനുവാദം നൽകിയിട്ടില്ല. എന്നാൽ ഏതെങ്കിലും വ്യാപാരികൾ കോമ്പൗണ്ടഡ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർ കോമ്പൗണ്ടിംഗ് സ്കീമിൽ നിന്നും പുറത്തു പോകുന്നതും വകുപ്പ് 6 (1) പ്രകാരമുള്ള നികുതി നിർണ്ണയത്തിന് വിധേയമാകുന്നതുമാണ്. ഈ ഘട്ടത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കിയ തുക സർക്കാർഖജനാവിലേക്ക് മുതൽ കൂട്ടുന്നുണ്ട്. ഇതിനു പുറമേ നിയമ വിരുദ്ധമായി നികുതി പിരിച്ചതിന് പെനാൽറ്റി നടപടികളും സ്വീകരിക്കാറുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ പോരായ്മകൾ കണ്ടെത്തി അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ ? | പ്രസ്തുത (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 327** — 19.7.2011-ൽ മറുപടിക്ക്

## കേന്ദ്ര പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വീണ്ടും ലഭിക്കാനും വികസനത്തിന് വേഗം കൂട്ടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനും അവ ജനോപകാരപ്രദമാക്കുവാനും സർക്കാർ നൂറ് ദിന കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഡൽഹിയിലെ കേരളത്തിന്റെ റസിഡന്റ് കമ്മീഷണർ കേരളത്തിൽ കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം മുഖ്യമന്ത്രി അവലോകനം ചെയ്യാറുണ്ട്. |
| (ബി) ഓരോ വകുപ്പിന്റെയും കാര്യങ്ങളിൽ കേന്ദ്ര മന്ത്രാലയവുമായുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് നടപടി എടുക്കുമോ ; | (ബി) ഏതെങ്കിലും വകുപ്പിന്റെ കാര്യങ്ങളിൽ കേന്ദ്ര മന്ത്രാലയവുമായി പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) കേന്ദ്ര ഫണ്ട് വിനിയോഗത്തിലെ കുറവ്, ചെലവഴിക്കാൻ സാധിക്കാതിരിക്കൽ എന്നിവയ്ക്ക് പരിഹാരം കണ്ടെത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾക്ക് അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിനും, ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്ക് യഥാസമയം അയച്ചു കൊടുക്കുന്നതിനും നിർദ്ദേശിച്ചു കൊണ്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുമായി എല്ലാ മാസവും അവലോകനയോഗങ്ങൾ ചേരാറുണ്ട്. |

ഈ യോഗങ്ങളിൽ വീഴ്ച കൂടാതെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്ക് സമർപ്പിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട തുക റീ ഇംബേഴ്സ്മെന്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് വകുപ്പ് തലവൻമാർക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

പല കേന്ദ്ര പദ്ധതികളും കേരളത്തിന് അനുയോജ്യമായി കേന്ദ്ര മാനദണ്ഡങ്ങളിൽ നടപ്പിലാക്കാൻ തടസ്സങ്ങൾ അനുഭവപ്പെടാറുണ്ട്. അങ്ങനെ വരുമ്പോൾ കേന്ദ്ര ഫണ്ട് വിനിയോഗത്തിൽ കുറവ് വരികയും ചെലവഴിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇക്കാരണത്താൽ പദ്ധതികൾ കേരളത്തിന് ആവശ്യമായ രീതിയിൽ മാറ്റം വരുത്താൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 28-07-2011-ൽ മുഖ്യമന്ത്രിയും വകുപ്പു മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും കേന്ദ്ര ആസൂത്രണ കമ്മീഷനിലെ ഉന്നത ഉദ്യോഗസ്ഥരുമായി ഈ വിഷയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 328

19.07.2011-ൽ
മറുപടിയ്ക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| എ സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ എർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാ-മാണെന്ന് വ്യക്തമാക്കുമോ; | എ ഉണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും, നിർദ്ദേശത്തിലും ഒരു ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. കേരളാ പോലീസ് സേനയിൽ സൈബർ ഫോറൻസിക്സിൽ പരിശീലനം ലഭിച്ചവരെ സൈബർ പോലീസ് സ്റ്റേഷനിലും പോലീസ് ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സൈബർ |

| | | | |
|---|---|---|---|
| | | | സെല്ലുകളിലും നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകൾക്ക് ജില്ലാ സൈബർ സെല്ലുകൾ സാങ്കേതിക സഹായം ചെയ്തുവരുന്നു. സങ്കീർണ്ണവും സാങ്കേതികവിദ്യ കൂടുതലായി ആവശ്യമുള്ള തുമായ കേസുകൾ അന്വേഷി ക്കുന്നതിന് പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചുവരുന്നു. |
| ബി | സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി പോലീസ് സേനയിൽ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ളവരുണ്ടോ? | ബി | ഉണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 329 — 19.07.2011-ൽ മറുപടിക്ക്.

## തലസ്ഥാനനഗരിയിൽ ഹൈക്കോടതി ബഞ്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഏതു ഘട്ടംവരെയായി ; | : (എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്. |
| (ബി) ഇതു സംബന്ധിച്ച് നടത്തിവരുന്ന സമരപരിപാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് അനുവദിക്കുന്നതിനുള്ള നടപടികൾക്ക് മുൻകൈ എടുക്കാൻ തയ്യാറാകുമോ ? | : (സി) തയ്യാറാകും. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 330 — 19.07.2011 - ൽ മറുപടിക്ക്

## ഭക്ഷ്യ ഗോഡൗണുകളിലെ കീടനാശിനി പ്രയോഗം

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ . വി.ഡി.സതീശൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്

( ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

| ചോദ്യം | ഉത്തരം |
|---|---|
| (എ) സിവിൽസപ്ലൈസുമായി ബന്ധപ്പെട്ട ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും കേടാകാതെ സൂക്ഷിക്കുന്നതിനായി കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടോ; | (എ) നിയമാനുസൃതമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം കീടനാശിനികളാണ് ഇങ്ങനെ ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; | (ബി) കീടസാന്നിദ്ധ്യം ഉള്ള പക്ഷം ഫ്യൂമിഗേഷനായി അലുമിനിയം ഫോസ് ഫൈഡും സ്പ്രേക്കായി (തളിക്കൽ) മൂന്നു മാസത്തിലൊരിക്കൽ ഡെൽറ്റാമെത്രിനും, രണ്ടാഴ്ചയിൽ ഒരിക്കൽ മലാത്തിയോണും ഉപയോഗിച്ചുവരുന്നു. |
| (സി) നിശ്ചിത അളവിൽത്തന്നെയാണ് അവ ഉപയോഗിക്കുന്നത് എന്നത് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി FCI യുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിശ്ചിത അളവിലാണ് ഇവ ഉപയോഗിക്കുക. കീടനാശിനികളുടെ അമിത ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അവ Lab പരിശോധനക്ക് വിധേയമാക്കുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ